# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി. പി2-1007/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 05/12/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി. പി2-1007/2023 തീയ്യതി: 05/12/2023

## വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അഖില മോഹൻ KAS | ഡെപ്യൂട്ടി ഡയറക്ടർ | 06-10-2023 | 17-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-10-2023 | 17-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ ഷൈജു മാത്യു, ഓഡിറ്റ് ഓഫീസർ,

ശ്രീ സമീർ എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,

ശ്രീമതി ഇന്ദു കെ നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ,

ശ്രീ അനിൽ ജോസ് ഡൊമനിക്, ഓഡിറ്റർ,

ശ്രീ അർജ്ജുൻ കെ മാത്യു, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.എൽസി ജോയി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ജയരാജൻ.എൻ.എ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷെഫീക്ക്.എൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.കീർത്തി ജി കൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2022 | 24-06-2022 |
| ഡോ. ഫൈസൽ യൂസഫ് | വെറ്ററിനറി സർജൻ | 25-06-2022 | 31-03-2023 |
| ഡോ സുനന്ദകുമാർ.എൻ.എൻ | മെഡിക്കൽ ഓഫീസർ (പി. എച്ച് സി), വാളാട് | 01-04-2022 | 31-03-2023 |
| ഡോ.ശബ്ന.പി | മെഡിക്കൽ ഓഫീസർ. (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ജിബ്ബി സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീ.സുജിത്ത്കുമാർ.എം | സബ്.ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 14-12-2022 |
| ശ്രീമതി സുനിത | സബ്.ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 15-12-2022 | 31-03-2023 |
| ശ്രീ.രജീഷ്.വി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷജിന.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ശ്രീമതി സിനി മാത്യു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-01-2023 | 31-03-2023 |
| ശ്രീമതി.അഞ്ജലി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-05-2022 |
| ശ്രീമതി രഞ്ജുഷ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-06-2022 | 31-03-2023 |
| ശ്രീ.രമേശൻ ഏഴോക്കാരൻ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ.ജയകുമാർ.ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 19-10-2022 |
| ശ്രീ അമൽനാഥ് | അസിസ്റ്റന്റ് എഞ്ചിനീയർ | 20-10-2022 | 31-03-2023 |
| ശ്രീ.അസീസ്.എ.കെ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.ജയരാജൻ.എൻ.എ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 1-1-4 |
| 6 | പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. | 1-1-5 |
| 7 | ചെക്കുകൾ പണമായി മാറ്റിയിട്ടില്ല | 1-1-6 |
| 8 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-8 |
| 10 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. | 1-1-9 |
| 11 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | മറ്റ് അപാകതകൾ | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | പദ്ധതി രൂപീകരണം. | 1-11 |
| 23 | തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത | 1-12 |
| 24 | സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-13 |
| 25 | ലോഡ്ജിംഗ് ഫീ ഈടാക്കിയിട്ടില്ല | 1-14 |
| 26 | ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണം-സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിച്ചില്ല-13,04,124രൂപ. തടസ്സപ്പെടുത്തുന്നു. | 1-15 |
| 27 | എസ്.എസ്.കെ വിഹിതം നൽകൽ - പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുന്നില്ല | 1-16 |
| 28 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ - പ്രവർത്തി പൂർത്തീകരിച്ചില്ല | 1-17 |
| 29 | ഹോമിയോ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ - നാളിതുവരെ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-18 |
| 30 | കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമായിട്ടില്ല. | 1-19 |
| 31 | വാളാട് സാംസ്കാരിക നിലയത്തിന് ലൈബ്രറി പുസ്തകങ്ങൾ , ഫർണ്ണീച്ചർ, റാക്ക് വാങ്ങൽ - പുസ്തകങ്ങൾ ലഭ്യമായില്ല | 1-20 |
| 32 | ഐക്കാടി അങ്കണവാടി നിർമ്മാണം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-21 |
| 33 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ -AMC – ലോഗ് ബുക്ക് / ത്രൈമാസ റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നില്ല | 1-22 |

| | | |
|---|---|---|
| 34 | പർച്ചേസിംഗ് കമ്മിറ്റി അംഗീകാരമില്ലാതെ വാങ്ങലുകൾ നടത്തുന്നു | 1-23 |
| 35 | അക്കാദമിക് സെന്റർ - പുസ്തകങ്ങൾ ലഭ്യമായില്ല | 1-24 |
| 36 | ജാതി തൈ വിതരണം- തുക അധികം നൽകി | 1-25 |
| 37 | മരണമടഞ്ഞ വ്യക്തികളുടെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടില്ല | 1-26 |
| 38 | ഭവന പുനരുദ്ധാരണ പദ്ധതി-ജനറൽ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-27 |
| 39 | സാനിട്ടറി നാപ്കിൻ ഡിസ്ട്രോയർ മെഷിനുകൾ വാങ്ങൽ -മെഷിനുകളുടെ സുരക്ഷിതമായ ദീർഘകാല ഉപയോഗം ഉറപ്പ് വരുത്തിയിട്ടില്ല. | 1-28 |
| 40 | വി.ഇ.ഓ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 1-29 |
| 41 | പട്ടിക വർഗ വിഭാഗത്തിന് പോത്ത് കുട്ടി വിതരണം - യൂണിറ്റ് കോസ്റ്റിനെക്കാൾ അധികമായി തുക നൽകി | 1-30 |
| 42 | പി.എം.എ.വൈ–വിഹിതം നൽകൽ– വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-31 |
| 43 | അങ്കണവാടികൾക്ക് കെട്ടിടം ലഭ്യമായില്ല | 1-32 |
| 44 | ടാക്സ് ഓഡിറ്റ് | 1-33 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പട്ടിക വർഗവിഭാഗത്തിന് പോത്തിൻ കുട്ടി വിതരണം-യൂണിറ്റ് കോസ്റ്റിനേക്കാൾ അധികമായി തുക നൽകി-ഗ്രാമപഞ്ചായത്തിന് 108000 രൂപ നഷ്ടം. | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statements | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 23.06.2023 ലെ 3/1 -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 23.06.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടിംഗ് മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തവിഞ്ഞാൽ ഗ്രാമ പഞ്ചായത്തിന്റെ 2022 – 23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : കൽപ്പറ്റ**

**തീയതി:05.12.2023** **സാക്ഷ്യപ്പെടുത്തുന്ന അധികാരിയുടെ ഒപ്പ്**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.( കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ,2011 , ചട്ടം 62 (എഫ്)).

### 1-1-2 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല.

തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി1 ഷെഡ്യൂൾ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുക ₹28668514/- Net

Cash Generated By Operating+investing+Financing Activity (A+B+C) ₹93870756/- യുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-4 Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

കേരള ഗ്രാമീൺ ബാങ്കിലെ അക്കൗണ്ടിൽ(നം.40478101023619) Directly Debited By Bank എന്ന ഇനത്തിൽ ₹74,000/- രൂപയുണ്ട് . ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

### 1-1-5 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഒരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ പ്രക്രിയ കഴിഞ്ഞാൽ അടുത്തമാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ്, ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്(2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ,ചട്ടം 57). എല്ലാ ബാങ്ക് അക്കൗണ്ടുകൾക്കും പ്രതിമാസ ബാങ്ക് റീ കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.
ഉദാ: അക്കൗണ്ട് നമ്പർ – 37049515954 – സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ

### 1-1-6 ചെക്കുകൾ പണമായി മാറ്റിയിട്ടില്ല

റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം സ്റ്റേറ്റ് ബാങ്ക് ഇൻഡ്യ മാനന്തവാടിയിലെ അക്കൗണ്ട് നമ്പർ 37049515954 ൽ വിവിധ ചെക്കുകളിലായി 129087/- രൂപ പണമായി മാറിയിട്ടില്ല. തുക ക്രെഡിറ്റായതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

### 1-1-7 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപെടുന്നില്ല.

വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ് , കളക്ഷൻ ,ബാലൻസ് തുകകൾ സഞ്ചയ ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| സി,നം | ഇനം | ഐ.എല് ജി.എം.എസ്/ എ.എഫ്,എസ് | സഞ്ചയ | എ.എഫ്,എസ്/സഞ്ചയ വരവുകൾ തമ്മിലുള്ള വ്യത്യാസം |
|---|---|---|---|---|
| 1 | വസ്തു നികുതി ഡിമാന്റ് (അരിയർ) റെസിഡൻഷ്യൽ ബിൽഡിങ്ങ് | 111602 | 125099 | -13497 |
| 2 | വസ്തു നികുതി ഡിമാന്റ് (അരിയർ) നോൺ റെസിഡൻഷ്യൽ ബിൽഡിങ്ങ് | 32420 | 146369 | -113949 |
| 3 | വസ്തു നികുതി കളക്ഷൻ റെസിഡൻഷ്യൽ ബിൽഡിങ്ങ് (തൻ വർഷം) | 1589218 | 1580012 | 9206 |
| 4 | വസ്തു നികുതി കളക്ഷൻ നോൺ റെസിഡൻഷ്യൽ ബിൽഡിങ്ങ് (തൻ വർഷം) | 3148000 | 3148107 | -107 |
| 5 | വസ്തു നികുതി കളക്ഷൻ റെസിഡൻഷ്യൽ ബിൽഡിങ്ങ് (അരിയർ) | 111945 | 111925 | 20 |
| 6 | വസ്തു നികുതി കളക്ഷൻ നോൺ റെസിഡൻഷ്യൽ ബിൽഡിങ്ങ് (അരിയർ) | 136015 | 136013 | 2 |

| | | | | |
|---|---|---|---|---|
| 7 | വസ്തു നികുതി കളക്ഷൻ റെസിഡൻഷ്യൽ ബിൽഡിങ്ങ്-ബാലൻസ് (തൻ വർഷം) | 77596 | 74106 | 3490 |
| 8 | വസ്തു നികുതി കളക്ഷൻ റെസിഡൻഷ്യൽ ബിൽഡിങ്ങ്-ബാലൻസ് (അരിയർ) | 14243 | 13500 | 743 |
| 9 | വസ്തു നികുതി കളക്ഷന് നോൺ റെസിഡൻഷ്യൽ ബിൽഡിങ്ങ്-ബാലൻസ് (തൻ വർഷം) | 57627 | 54844 | 2783 |
| 10 | വസ്തു നികുതി കളക്ഷന് നോൺ റെസിഡൻഷ്യൽ ബിൽഡിങ്ങ്-ബാലൻസ് (അരിയർ) | 10940 | 10403 | 537 |

വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-1-8 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. ഉദാ- വസ്തുനികുതി, തൊഴിൽനികുതി,ലൈസൻസ് ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

## 1-1-9 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

എല്ലാ ജേണൽ വൗച്ചറുകളെയും സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.
ഉദാ:- Prior Period Income.

## 1-1-10 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

1) സംയുക്ത പ്രോജക്ടുകൾക്കുവേണ്ടി വിഹിതമായി ലഭിച്ച തുകയിൽ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം ₹ 31,25,526.00 ബാക്കിയുണ്ട് (ജില്ലാ പഞ്ചായത്ത് - ₹ 25,22,613 & ബ്ലോക്ക് പഞ്ചായത്ത് - ₹6,02,913.00).എന്നാൽ,സംയുക്തപ്രോജക്ടുകൾക്കുള്ള ട്രഷറി അക്കൗണ്ടിലെ (STSB 799011400001866)നീക്കിയിരിപ്പ് -2,05,609/- ആണ്.ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് സംയുക്ത പദ്ധതിയ്ക്കായി ബി 4 ഷെഡ്യൂൾ പ്രകാരം അവശേഷിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
2) ബി-4 ഷെഡ്യൂളിൽ ബാധ്യത ആയി രേഖപ്പെടുത്തിയിട്ടുള്ള എല്ലാ ഫണ്ടുകൾക്കും പ്രത്യേക ബാങ്ക് അക്കൌണ്ടുകൾ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഫണ്ടുകൾക്ക് എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല.

## 1-1-11 മറ്റ് അപാകതകൾ

1) ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ചെലവിനത്തിൽ വാർഷിക കണക്ക് സുലേഖ ചെലവ് പത്രികയുമായിപൊരുത്തപ്പെടുന്നില്ല.
2)STSB A/C No. 799011400001866 ൽ വാർഷിക കണക്ക് പ്രകാരം നീക്കിബാക്കി -205609/- രൂപയാണ് .ആയതിന് അക്കൗണ്ട്സ് കുറിപ്പുകൾ സമർപ്പിച്ചിട്ടുണ്ട്.
3)IDBI Bank 1708104000046154 ൽ ൽ വാർഷിക കണക്ക് പ്രകാരം നീക്കിബാക്കി -132000/- രൂപയാണ് .ആയതിന് അക്കൌണ്ട്സ് കുറിപ്പുകൾ സമർപ്പിച്ചിട്ടുണ്ട്.
4) MNREGA അക്കൗണ്ടിൽ വാർഷിക കണക്ക് ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/17.10.2023) മറുപടി

ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 26.3.2022 ലെ 1.1 തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 15.3.2023ലെ 1.1 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം. |
|---|---|---|
| മുൻബാക്കി | 6960256 | 30951681 |
| വരവ് | 529050000 | 504244400 |
| ആകെ | 536010256 | 535196081 |
| ചെലവ് | 532183000 | 507377400 |
| നീക്കിബാക്കി | 3827256 | 27818681 |

2022-23 വർഷത്തെ ബജറ്റ് സംബന്ധിച്ച് ഘടക സ്ഥാപനങ്ങളിൽനിന്നും ലഭിച്ച പ്രൊപ്പോസലുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 14.2.2022നം ഭരണസമിതി 19.2.2022നം ചർച്ച ചെയ്തിട്ടുണ്ട്.

ബജറ്റിൽ പ്രതീക്ഷിച്ച വരവ് തുകകളും യഥാർത്ഥത്തിൽ ലഭിച്ച വരവ് തുകകളും തമ്മിൽ വലിയ അന്തരം കാണുന്നു.വിശദാംശങ്ങൾ ചുവടെ.

| വരവിനം | ബജറ്റ് പ്രകാരം | യഥാർത്ഥ വരവ് | വ്യത്യാസം |
|---|---|---|---|
| നികുതികൾ | 9100000 | 1835350 | 7264650 |
| നികുതിയേതരം | 3313000 | 2811260 | 501740 |
| വായ്പ | 20000000 | 0 | 20000000 |

വിവിധ ഇനങ്ങളിലുള്ള ആകെ വരവ് വിഭാവനം ചെയ്തിരുന്നത് 536010256 രൂപ ആയിരിക്കെ 144119946 മാത്രമാണ് യഥാർത്ഥ വരവ്.

കേരള പഞ്ചായത്തീരാജ് ആക്റ്റ് സെക്ഷൻ 214(3) പ്രകാരം മുൻവർഷത്തെ യഥാർത്ഥ വരവിൽനിന്നും കാര്യമായ വ്യത്യാസം തൻവർഷത്തെ ബജറ്റിൽ പ്രതീക്ഷിക്കുന്ന വരവ് തുകയിലുണ്ടെങ്കിൽ ആയതിന് അടിസ്ഥാനമായ ഒരു നോട്ട് തയ്യാറാക്കപ്പെടേണ്ടതുണ്ട്.തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തെ ആകെ യഥാർത്ഥ വരവ് 212522210 രൂപയായിരിക്കെ തൻവർഷ ബജറ്റിൽ പ്രതീക്ഷിക്കുന്ന ആകെ വരവ് 536010256 രൂപയാണ്.എന്നാൽ ഇതിന്റെ കാരണം വ്യക്തമാക്കുന്ന നോട്ട് ബജറ്റിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

സെക്ഷൻ 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താതെ ചെലവുകൾ ചെയ്യേണ്ടിവരുന്ന സാഹചര്യങ്ങളിൽ അനുപൂരക ബജറ്റോ,പുതുക്കിയ ബജറ്റോ തയ്യാറാക്കേണ്ടതാണ്.എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി തയ്യാറാക്കുന്ന പുതുക്കിയ ബജറ്റ് ഇതിന് പകരമായി കണക്കാക്കപ്പെടുകയാണ് ചെയ്യുന്നത്.തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലും ഈ നടപടി അനുവർത്തിക്കപ്പെടുകയാണ് ചെയ്തിരിക്കുന്നത്.എന്നാൽ ഇങ്ങനെ തയ്യാറാക്കപ്പെടുന്ന പുതുക്കിയ ബജറ്റിന് നൽകുന്ന അംഗീകാരം ബജറ്റിൽ വകയിരുത്താത്ത ചെലവുകൾ ചെയ്തതിന്റെ അനുമതിയായി കണക്കാക്കുവാൻ പാടില്ലായെന്നും ഈ സെക്ഷനിൽ പറയുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന അപാകങ്ങൾ പരിഹരിച്ച് ഭാവിൽ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 50448009 |
| തൻവർഷ വരവ് | 144119946 |
| ആകെ | 194567955 |
| ചെലവ് | 115451432 |
| നീക്കിയിരിപ്പ് | 79116523 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് /അലോട്ട്മെന്റ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 5,06,11,268 | 5,06,11,268 | 4,06,61,602 | 99,49,666 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 48,29,521 | 48,29,521 | 42,93,954 | 5,35,567 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 1,85,30,083 | 1,85,30,083 | 1,78,03,925 | 7,26,158 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 2,01,17,000 | 2,01,17,000 | 1,00,76,009 | 1,00,40,991 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 1,02,74,000 | 1,02,74,000 | 85,78,642 | 16,95,358 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) (ACR പ്രകാരം) | | 1,48,53,686 | 1,48,53,686 | 50,48,324 | 98,05,362 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - (Untied) | | 84,83,872 | 84,83,872 | 1,06,53,853 | -21,69,981 |

ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied )ൽ എ.സി.ആർ പ്രകാരമുള്ള നീക്കിബാക്കി നെഗറ്റീവാണ്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 305 | 26,41,28,880 | 180 | 155977359 | - | 125 | 59 |

പദ്ധതി ചെലവ് കണക്കുകൾ പ്രകാരം (സുലേഖ പത്രിക) നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള ചെലവ് വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 7375000 | 6347161 | 86.06 |
| വെറ്ററിനറിസർജൻ | 8 | 7 | 4418000 | 3531877 | 79.94 |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | 13 | 11 | 5348452 | 3809106 | 71.22 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 3 | 800000 | 572143 | 71.52 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 1 | 1250000 | 1250000 | 100 |

| | | | | | |
|---|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 240000 | 200000 | 83.33 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 17 | 92767990 | 52804880 | 56.92 |
| ഐസി ഡി എസ് സൂപ്പർവൈസർ | 11 | 9 | 11435810 | 9353524 | 81.79 |
| സെക്രട്ടറി | 46 | 33 | 28381960 | 22199174 | 78.22 |
| ഹെഡ് മാസ്റ്റർ | 16 | 14 | 13566878 | 9869078 | 72.74 |
| അസി. എഞ്ചിനിയർ | 174 | 70 | 91054723 | 38550572 | 42.34 |
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 6492000 | 6492000 | 100 |
| അസി.സെക്രട്ടറി | 5 | 5 | 998067 | 997844 | 99.98 |
| | 305 | 180 | 264128880 | 155977359 | |

2022-23 വർഷത്തിൽ ആകെ അംഗീകാരം ലഭിച്ച 305 പ്രോജക്ടുകൾക്ക് ഫണ്ട് വകയിരുത്തിയെങ്കിലും കേവലം 180 പ്രോജക്ടുകൾ മാത്രമാണ് ആകെ നിർവ്വഹിക്കാൻ സാധിച്ചിട്ടുള്ളത്. പശ്ചാത്തല മേഖലയിൽ 9 കോടിയിലധികം തുക വകയിരുത്തി 174 മരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും വിവിധ സാങ്കേതിക കാരണങ്ങളാൽ 70 പ്രോജക്ടുകളാണ് നിർവ്വഹിച്ചിട്ടുള്ളത്. ഇതുപോലെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്കും അവരവരുടെ വിഷയമേഖലയിൽ പദ്ധതികൾ പൂർണ്ണമായും നിർവ്വഹിക്കാൻ സാധിച്ചിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളും, വർക്കിംഗ് ഗ്രൂപ്പുകളും ഭരണസമിതിയും ഏകോപനത്തോടെ പ്രവർത്തിച്ച് അംഗീകാരം ലഭിച്ച് ഫണ്ട് വകയിരുത്തിയിട്ടുള്ള മുഴുവൻ പദ്ധതികളും നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്, അതോടൊപ്പം . പദ്ധതിനടത്തിപ്പ് മോണിട്ടറിംഗ് നടത്തി ലഭ്യമായ തുക പൂർണ്ണമായും ഫലപ്രദമായും ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-6 തൊഴിലുറപ്പ പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1716 | 1880695 | 1882411 | 676676 | 1205735 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (വേതനം + മെറ്റീരിയൽസ് ) | | 98141218 | 98141218 | 98141218 | |
| | | 45576338 | 45576338 | 45576338 | |
| | | 145598251 | 145599967 | 144394232 | 1205735 |

തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള തുകയാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയത്. ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്ക് പ്രകാരം ആകെ വരവ് ₹14,43,94,233/- രൂപയാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 4749000 | 452 |
| വിധവാപെൻഷൻ | 19173200 | 1840 |
| വാർദ്ധക്യകാലപെൻഷൻ | 36962000 | 3825 |
| ഭിന്നശേഷി വിഭാഗം പെൻഷൻ | 5025800 | 468 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | - | - |
| അമ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 302000 | 30 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13/10 /2023 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.814/- രൂപ (എണ്ണൂറ്റി പതിനാല് രൂപ ) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിർവഹിക്കുന്നതിനും രജിസ്റ്ററുകളും രേഖകളും എഴുതിസൂക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരും ഭരണസമിതിയും പരിശ്രമിച്ചിട്ടുണ്ട്. എന്നിരുന്നാലും ആയത് പൂർണമായ നിലയിൽ സൂക്ഷിക്കുന്നതിൽ വിഴ്ച വന്നിട്ടുണ്ട്.

1994 -ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 ഒന്നാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലകൾ നിർവഹിക്കുന്നതിനും പഞ്ചായത്ത് പരിശ്രമിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പാലിക്കുന്നതിൽ താഴെപ്പറയുന്ന വസ്തുതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1.പഞ്ചായത്തിന്റെ തനതുവരുമാനം ഡിമാന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനവിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.അതുകൊണ്ട് തന്നെ വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതായി ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഉദാഹരണമായി ഗ്രാമ പഞ്ചായത്തിൽ പൂർത്തിയാക്കിയ ഗാർഹികേതര കെട്ടിടങ്ങൾ സംബന്ധിച്ച ഡാറ്റ തയ്യാറാക്കി സൂക്ഷിക്കുകയോ ഇത് സംബന്ധിച്ച ഫീൽഡ് തല പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുക മാത്രമാണ് ചെയ്യുന്നത്. ലൈസൻസ് നേടാതെ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. ആയത് നിർവ്വഹിച്ച് കാണുന്നില്ല.

2.വിവിധ സാമൂഹ്യസുരക്ഷാ പെൻഷനുകൾ സംബന്ധിച്ച് ഫയലുകൾ സൂക്ഷിക്കുന്നതിലും അപേക്ഷകൾ തീർപ്പാക്കുന്നതിലും ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

3.പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല. തയ്യാറാക്കുന്ന പ്രോജക്റ്റുകളിൽ ബഹുഭൂരിപക്ഷവും നടപ്പാക്കുന്നില്ല. ഉദാഹരണമായി അസി.എഞ്ചിനീയർ തൻവർഷം തയ്യാറാക്കിയ 174 പ്രോജക്റ്റുകളിൽ 70 പ്രോജക്റ്റുകൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്റ്റുകൾ പൂർണമായും നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

4.രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ നിർദ്ദേശ പ്രകാരം സൂക്ഷിക്കുന്നില്ല.

ഉദാഹരണമായി ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല. ടെണ്ടർ ഫോറം വിറ്റതിന്റെയും ബാക്കിയുള്ളതിന്റെയും വില ഈടാക്കിയതിന്റെയും കണക്കുകൾ സൂക്ഷിച്ചിട്ടില്ല. അതിനാൽ ടെണ്ടർ ഫോറങ്ങൾ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാഹചര്യം നിലനിൽക്കുന്നു. തൊഴിൽ നികുതി( സ്ഥാപനം) രജിസ്റ്റർ സൂക്ഷിട്ടില്ല. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ക്യാഷ് ബുക്ക് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5.ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുക ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് തൻവർഷം ഇ - ടെണ്ടർ നടപടി മുഖാന്തിരം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ലഭിച്ചതായി കാണുന്നില്ല. തദ്ദേശ സ്ഥാപനത്തിന്റെ പ്രധാന തനത് വരുമാന ശ്രോതസായ വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. കുടിശ്ശിക നികുതി പൂർണ്ണമായും പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ല.

6.പദ്ധതിനടത്തിപ്പ് മോണിട്ടർ ചെയ്യുന്നതിനായി മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്നതായി കാണുന്നില്ല. പ്രോജക്ടുകളോടൊപ്പം സൂക്ഷിക്കുന്ന മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ആണ് ഒപ്പ് വെച്ചിട്ടുള്ളത്. മോണിറ്ററിംഗ് കമ്മിറ്റികളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നില്ല എന്ന വസ്തുത ഇരിക്കെ ഇത്തരം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ തയ്യാറാക്കുന്നത് ആശാസ്യമല്ല.

7.പഞ്ചായത്തുകളിൽ ഉപയോഗിക്കുന്ന ILGMS സോഫ്റ്റ്വെയറിൽ ധാരാളം അപാകങ്ങൾ ഇനിയും നിലനിൽക്കുന്നു. ഇത് സംബന്ധിച്ച മുൻവർഷങ്ങളിൽ നടത്തിയ പരാമർശങ്ങൾ പരിഹരിച്ചതായി കാണുന്നില്ല.

8.ആസ്തിരജിസ്റ്റർ നിലവിലും കാലികമാക്കിയിട്ടില്ല.

9.ഭരണസമിതിതീരുമാനങ്ങൾ നടപ്പാക്കുന്നത് മോണിട്ടർ ചെയ്യുന്നതായി കാണുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | **അവസാനം ഓഡിറ്റ് നടത്തിയ തീയതി** | **ഓഡിറ്റ് കാലയളവ്** | **റിപ്പോർട്ട് ലഭിച്ച തീയതി** |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.05.2022 To 25.05.2022 | 01.10.2021 To 31.3.2022 | 01.09.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.12.2017 To 28.12.2017 | 2012-13 To 2016-17 | 27.02.2018 |

## 1-11 പദ്ധതി രൂപീകരണം.

പദ്ധതി നിർവ്വഹണത്തിന്റെ അടിസ്ഥാന ഘടകങ്ങളായ ഊരുകൂട്ടങ്ങൾ ഓഡിറ്റ് വർഷത്തിൽ രണ്ട് തവണ വീതവും ഗ്രാമസഭകൾ രണ്ട് മുതൽ മൂന്ന് തവണകൾ വരെയും ചേർന്നിട്ടുണ്ട്. എല്ലാ ഊരുകൂട്ടങ്ങളും 5/2022, 1/2023 മാസങ്ങളിൽ ചേരുകയും മിനുട്സുകൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളുടെ മിനുട്സുകൾ പലതും കൃത്യമായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. 11ാം വാർഡിന്റെ 29.5.2022,XIIIാം വാർഡിന്റെ 4.8.2022 തിയ്യതിയിലെ മിനുട്സുകളും ഇതിന് ഉദാഹരണമാണ്. മറ്റ് പല വാർഡുകളിലെയും ഗുണഭോക്തൃ പട്ടിക രേഖപ്പെടുത്തിയിരിക്കുന്ന മിനുട്സുകൾ തുടർച്ചായയല്ല രേഖപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണമായി 7.8.2022 ചേർന്ന വാർഡ് നം 11ന്റെ മിനുട്സിൽ ക്രമ നമ്പർ 88 വരെയുള്ള ഗുണഭോക്താക്കളുടെ പേരുകൾ രേഖപ്പെടുത്തിയതിന് ശേഷം രണ്ട് പേജുകൾ ഒഴിവാക്കിയിട്ട് (പേജ് നം.30, 31) തുടർന്ന് വരുന്ന പേജിൽ ക്രമ

നം. 133 മുതൽ 140 വരെയുള്ള ഗുണഭോക്താക്കളുടെ പേരുകൾ രേഖപ്പെടുത്തിയിരിക്കുകയാണ് ചെയ്തിരിക്കുന്നത്.വാർഡ് നം.1ന്റെ 7.1.2023ലെ മിനുട്സിലും വാർഡ് നം.14ന്റെ 5.2.2023ലെ മിനുട്സിലും ഇപ്രകാരമുള്ള അപാകങ്ങൾ സംഭവിച്ചിട്ടുണ്ട്.ഗുണഭോക്താക്കളുടെ പേരുകൾ പിന്നീട് എഴുതിച്ചേർക്കുന്നതിനായി ഒഴിവാക്കിയിട്ടിരിക്കുന്നവയാണ് ഈ പേജുകൾ എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഊരുകൂട്ടം മിനുട്സുകളിലും ഗ്രാമസഭാ മിനുട്സുകളിലും പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്തതായി രേഖപ്പെടുത്തലുകൾ ഉണ്ട്. എന്നാൽ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ആ ചുമതല നിർവ്വഹിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ ചെയർമാൻ സാക്ഷ്യപ്പെടുത്തുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ ഒന്നും തന്നെ 12/2022ന് ശേഷം ചേർന്നിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റികൾ വിലയിരുത്തിയതായി കാണുന്നില്ല.

(2022-23വർഷത്തെ സുലേഖ പത്രിക പ്രകാരം ഏതാനും പ്രൊജക്ടുകൾ സ്പിൽ ഓവറായി തുടരുന്നുണ്ട്. ഇവ മുൻവർഷങ്ങളിലും സ്പിൽ ഓവർ പ്രവർത്തികളായി തുടർന്ന് വന്ന പ്രവർത്തികളാണ്. ഇവയുടെ നിലവിലുള്ള അവസ്ഥ അറിയിക്കുന്നതിന് ലഭ്യമാക്കിയ ഓഡിറ്റ് എൻക്വയറിക്ക് (19/16.10.2023)നൽകിയ മറുപടി പ്രകാരം ഇവയെല്ലാം ഒന്നുകിൽ ഉപേക്ഷിക്കപ്പെട്ടതോ അല്ലായെങ്കിൽ പൂർത്തീകരിക്കപ്പെട്ടതോ ആയ പ്രവർത്തികളാണ്. ഇപ്രകാരം നിലവിലില്ലാത്ത പ്രൊജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്നത് പദ്ധതി ചെലവുതുകയുടെ ശതമാനം കുറവായി പ്രതിഫലിക്കുന്നതിന് ഇടയാകുന്നു. ആയതിനാൽ ഇത്തരം പ്രൊജക്ടുകൾ വാർഷിക പദ്ധതിയിൽ ആവർത്തിച്ച് വരുന്നത് ഒഴിവാക്കേണ്ടതാണ്.)

2022-23 വർഷത്തിൽ മരാമത്ത് പ്രവർത്തിയിനത്തിൽ 174 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ നടപ്പിലാക്കിയത് 70 പ്രൊജക്ടുകൾ മാത്രമാണ്. സാങ്കേതികാനുമതി ലഭിക്കുന്നതിൽ വന്ന കാലതാമസം, അസി.എഞ്ചിനീയർമാരുടെ സ്ഥലം മാറ്റം, റോഡ് ടാറിഗം പ്രവർത്തികളിൽ ഡബിൾ ബാരൽ ഉപയോഗിക്കണമെന്ന നിബന്ധനമൂലം കരാറുകാരുടെ ഭാഗത്തുനിന്ന് വന്ന കാലതാമസം ഉൾപ്പെടെ വിവിധ കാരണങ്ങളാലാണ് പൂർത്തീകരിച്ച പ്രവർത്തികളുടെ എണ്ണത്തിൽ കുറവ് വന്നതെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം. 19/16.10.2023) ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കുകയുണ്ടായി. ഇത്തരത്തിൽ പ്രവർത്തികൾ സ്പിൽ ഓവറാകുന്നത് തൻവർഷത്തെ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള ഫണ്ടിൽ കുറവ് വരുന്നതിന് ഇടാക്കുന്നതിനാൽ പ്രൊജക്ടുകൾ പരമാവധി നടപ്പ് വർഷം തന്നെ പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളതും, 2021-22 സാമ്പത്തിക വർഷത്തിൽ ഡിമാന്റിൽ ഉൾപ്പെട്ടിരുന്നതുമായ ഏതാനും ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. ആലാറ്റിൽ പോസ്റ്റ് ഓഫീസ് | 5. MDC ലാബ്, തലപ്പുഴ. |
| 2. ക്ഷീരസഹകരണ സംഘം, വരയാൽ | 6. അഷിയാന& റസിയ ഗ്രീൻസ് വരയാൽ |
| 3. വാളാട് മാവേലി സ്റ്റോർ | 7. ആയുരമ്പലം റിസോർട്ട്. |
| 4. വാം ടീ ഫാക്ടറി, കരിമാനി | |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും പരാമർശിത സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 03/2022-23/09.10.23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-13 സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ/രേഖകൾ ആവശ്യപ്പെട്ട് നൽകിയ 11/2022-23/12.10.23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. ആയതിനാൽ, സ്ഥാപനതൊഴിൽ നികുതി നിർണ്ണയിച്ചതിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപെടുത്തുന്നു.

## 1-14 ലോഡ്ജിംഗ് ഫീ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ലോഡ്ജിംഗ് ഫീ ബാധകമായ സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് | കെട്ടിടനമ്പർ |
|---|---|---|---|
| 1 | Hills & Trees Resort | Dr.Shameena Raj | 3/139 C,D,E,F |
| 2 | Nature Inn Homestay | Sreekumar K | 6/514A |
| 3 | The Service Villa Mist | Shaji TK | 9/177 D,E,F,G,H |
| 4 | Eaden Garden(Service Villa) | Devassya KK | 11/237A |
| 5 | Ichummas Inn(Homestay) | Aboobakker Sidhique | 16/261A |
| 6 | Serene Crest Resort | Dr.Syed Salahudheen | 16/263 A |
| 7 | Ayurambalam Resort | Rakesh OM | 18/180B |
| 8 | Oxyfam Resort | Saji Issac | 22/155A-H |
| 9 | Bluebell Resort | Saseendran VV | 22/450C-H |
| 10 | Makkimala Service Villa | Rameez Ummer | 6/89 |
| 11 | Valad Homestay | Prasanna | 21/146 |
| 12 | Periya Heights | Murleedharan VO | 22/152 C,D |
| 13 | Sharanyam Homestay | Giridhar Raj | 9/511A |
| 14 | Muneeswaramudi Homestay | Sudha C | 6/196C |
| 15 | Humming Rills Homestay | Arun Janardhanan | 4/517 D,E,F |
| 16 | Nidra Hut Resort | Sameer Velikkoth | 1/236 A,B,C,D |
| 17 | Wonderhill Resort | Umesh P | 20/488 D,E |
| 18 | Yaksha Retreat Homestay | Sandeep CM | 21/265 A-F |
| 19 | Hassan Service Villa | Shahina VN | 22/465 A,B |
| 20 | Humming Breeze Resort | Jishnu Narayanan | 9/171 A |
| 21 | Rill Top Homestay | Sreejith Karutha | 4/276 C |
| 22 | Tea Forest Resort | Shijin P | 22/441 B |

മേൽ സ്ഥാപനങ്ങളിൽ നിന്നും ലോഡ്ജിംഗ് ഫീ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 02/2022-23/09.10.23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-15 ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണം-സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിച്ചില്ല- 13,04,124രൂപ. തടസ്സപ്പെടുത്തുന്നു.

- പ്രൊജക്റ്റ് നം. 147/23
- ഭരണാനുമതി:2.1/24.2.2023.
- കരാർ ഉടമ്പടി :63/AE/LSGD/2022-23തി.6.3.2023.
- ചെലവ് തുക:1304124രൂപ.
- 962597 രൂപ (ബിൽ നം.221804520158015022354/27.3.2023)
- 341527രൂപ (ബിൽ നം.22180452015801541225/28.3.2023)
- നിർവ്വഹണോദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ നവീകരണം എന്ന പ്രൊജക്റ്റ് മുകളിൽ പറഞ്ഞ കരാർ ഉടമ്പടി പ്രകാരം സിഡ്കോ (കണ്ണൂർ)യെ ഏൽപിച്ചിട്ടുണ്ട്. എന്നാൽ അക്രഡിറ്റഡ് ഏജൻസികളെ പ്രവർത്തി ഏൽപ്പിക്കുമ്പോൾ പാലിച്ചിരിക്കേണ്ട അവശ്യമായ നിബന്ധനകൾ പാലിക്കാതെയാണ് പ്രവൃത്തി നടപ്പിലാക്കിയിരിക്കുന്നതും തുക നൽകിയിരിക്കുന്നതും. വിശദാംശങ്ങൾ താഴെ.

**1)അനുവദനീയമല്ലാത്ത പ്രവർത്തികൾ സിഡ്കോയ്ക്ക് നൽകി.**

സർക്കാർ ഉത്തരവ് നം.(പി)77/2019/ധനം തി. 4.7.2019 പ്രകാരം സിഡ്കോയ്ക്ക് നേരിട്ട് നൽകാവുന്ന പ്രവൃത്തികൾ ജനറൽ സിവിൽ കൺസ്ട്രക്ഷൻ പ്രവൃത്തികളാണ്. എന്നാൽ ഈ പ്രൊജക്ടിന്റെ ഭാഗമായി സിഡ്കോയ്ക്ക് നൽകിയ പ്രവൃത്തികൾ ഇലക്ട്രിക്കൽ പ്രവൃത്തികളും കൂടാതെ ജിപ്സം സീലിംഗ്, Wall Pannelling ഉൾപ്പെടെയുള്ള ഇന്റീരിയർ പ്രവൃത്തികളുമാണ്.

**2)വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.**

സർക്കാർ ഉത്തരവ് നം.(പി)67/2021/ധനം തി.28.4.2021 ലെ ക്രമ നം.8പ്രകാരം പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് അക്രഡിറ്റഡ് ഏജൻസി തയ്യാറാക്കേണ്ടതുണ്ട്. എന്നാൽ ഈ പ്രവൃത്തിക്കായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

**3)അസി.എഞ്ചിനീയർ പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ചിട്ടില്ല/അളവുകൾ രേഖപ്പെടുത്തിയിട്ടില്ല.**

മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവിലെ ക്രമ നം.12.1 പ്രകാരം അളവുകൾ രേഖപ്പെടുത്തൽ , ചെക്ക് മെഷർമെന്റ് , മേൽനോട്ടം എന്നിവ പൊതുമരാമത്ത് മാന്വലിലെ (2012) വ്യവസ്ഥകൾക്ക് വിധേയമായിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ക്രമ നം.13.2പ്രകാരം പ്രവർത്തിയുടെ പ്രതിഫലം നൽകുന്നത് സ്ഥാപനത്തിലെ എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയർ പ്രവർത്തിക്ക് മേൽനോട്ടം വഹിച്ചതായോ, അളവുകൾ സാക്ഷ്യപ്പെടുത്തിയിരിക്കുന്നതായോ കാണുന്നില്ല.

മുകളിൽ കാണിച്ച അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 29/17.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിക്കായി ചെലവഴിച്ച 1304124രൂപ. തടസ്സപ്പെടുത്തുന്നു. സിഡ്കോയ്ക്ക് പ്രവർത്തി ഏൽപ്പിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതോടൊപ്പം പ്രവൃത്തിയുടെ എസ്റ്റിമേറ്റും മൂല്യനിർണ്ണയവും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 എസ്.എസ്.കെ വിഹിതം നൽകൽ - പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുന്നില്ല

**നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി**

സ.ഉ (കൈ)84/2022/തസ്വഭവ /19.04.2022 നമ്പർ ഉത്തരവ് പദ്ധതി മാർഗ്ഗരേഖ (ഖണ്ഡിക 8.6.3,4 കാണുക) പ്രകാരം എസ്.എസ്.കെ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. പ്രോജക്ട് പൂർത്തീകരണത്തിനു ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകണം. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എസ്.എസ്.കെ പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം , ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ എസ്.എസ്.കെ പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ വിഹിതവും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് എസ്.എസ്.കെയിൽ നിന്നും നൽകണം.

വയനാട് ജില്ലാ എസ്.എസ്.കെ കോർഡിനേറ്ററുടെ 24.08.2022 ലെ നം.എ/1184/2021 / എസ്.എസ്.കെ കത്ത് പ്രകാരം 2022-23 വർഷത്തെ കരട് വാർഷിക പദ്ധതി & ബജറ്റ് പ്രകാരം തവിഞ്ഞാൽ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിൽ 10802 ഇനം പ്രവർത്തനങ്ങൾ (Physical Target ) നടപ്പാക്കുന്നതിനായ 65,23,857/- രൂപ (Financial Target) ചെലവ് വരുമെന്നതിനാൽ ആയതിന്റെ 40% തുകയായ 26,09,543/- എസ്.എസ്.എ വിഹിതമായി ഒടുക്കുന്നതിന് നിർദ്ദേശം നൽകിയതിനാൽ ₹22,00,000/- രൂപ വിവിധ വികസന ഫണ്ടിൽ നിന്നും ചുവടെ കൊടുക്കുംവിധം കേരള സംസ്ഥാന സമഗ്ര ശിക്ഷ പ്രോജക്ട് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

1.എസ്.എസ്.എ വിഹിതം നൽകൽ -ജനറൽ

| | |
|---|---|
| പ്രോജക്ട് | എസ്.എസ്.എ വിഹിതം നൽകൽ -ജനറൽ ( 98/23) |
| അടങ്കൽ/ ചെലവ് | 10,00,000/-(വികസന ഫണ്ട് - ജനറൽ ) |
| ബിൽ നമ്പർ | 2218045201590057876O/ 22.09.2022 |

2.എസ്.എസ്.എ വിഹിതം നൽകൽ - എസ്.ടി

| | |
|---|---|
| പ്രോജക്ട് | എസ്.എസ്.എ വിഹിതം നൽകൽ - എസ്.ടി ( 99/23) |
| അടങ്കൽ/ ചെലവ് | 8,00,000/-(വികസന ഫണ്ട് - ടി.എസ്.പി) |
| ബിൽ നമ്പർ | 22180452015900578770/ 22.09.2022 |

3.എസ്.എസ്.എ വിഹിതം നൽകൽ - എസ്.സി

| | |
|---|---|
| പ്രോജക്ട് | എസ്.എസ്.എ വിഹിതം നൽകൽ - എസ്.സി (101/23) |

| | |
|---|---|
| അടങ്കൽ/ ചെലവ് | 4,00,000/-(വികസന ഫണ്ട് - എസ്.സി.പി) |
| ബിൽ നമ്പർ | 22180452015900578774/22.09.2022 |

എസ് എസ് കെ യുടെ 14.09.2023 ലെ എ/ 269/2023/എസ്.എസ്.കെ നമ്പർ വിനിയോഗ സാക്ഷ്യപത്ര പ്രകാരം എസ്.എസ്.എ വിഹിതമായി നൽകിയ 22,00,000/- രൂപ ചുവടെ കൊടുക്കുന്ന വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്ന് പരാമർശിക്കുന്നുണ്ടെങ്കിലും വിവിധ സ്കൂളിൽ നടത്തിയ പ്രവർത്തനങ്ങൾക്ക് വിവിധ ഫണ്ടുകൾ എത്ര രൂപ വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കിയിട്ടില്ല. മേൽ വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം ഹാജരാക്കിയ 2022-23 വർഷത്തെ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം തവിഞ്ഞാൽ പഞ്ചായത്തിൽ ആകെ 47,67,509/- രൂപയുടെ പ്രവർത്തനങ്ങൾക്കാണ് തുക ചെലവഴിച്ചിരിക്കുന്നത്. ടി തുകയുടെ 40% തുകയായ 19,07,004/- രൂപയാണ് എസ്.എസ്.എ വിഹിതമായി നൽകേണ്ടത്. എന്നാൽ 22ലക്ഷം രൂപ നൽകുക വഴി 2,92,996/- രൂപ അധികം നൽകിയിട്ടുണ്ട്.

ഇത്തരത്തിൽ തുക നൽകിയതിന് വിശദീകരണവും, അനുബന്ധ രേഖകളും, തുക തിരികെ ലഭ്യമാകുകയോ/ ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/22-23/16.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്. അധികം നൽകിയ 2,92,996/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-17 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ – പ്രവർത്തി പൂർത്തീകരിച്ചില്ല

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

കെ.എസ്.ഇ ബി എസ്റ്റിമേറ്റ് പ്രകാരം സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനും തുടർന്ന് നിലാവ് പദ്ധതിയിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിച്ച സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും 2022 – 23 ൽ മൂന്ന് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

1.പ്രോജക്ട് നമ്പർ - 26/23- സ്ട്രീറ്റ് മെയിൻ വലിക്കൽ

| | |
|---|---|
| അടങ്കൽ/<br>ചെലവ് | 32,87,100 -ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>32,33,477/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ / വൗച്ചർ നമ്പർ | 22200867 / 05.01.2023 – 32,33,477/ |

2.പ്രോജക്ട് നമ്പർ - 374/23- സ്ട്രീറ്റ് മെയിൻ വലിക്കൽ

| | |
|---|---|
| അടങ്കൽ/<br>ചെലവ് | 13,69,965/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>13,69,965/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ / വൗച്ചർ നമ്പർ | 22201183/ 27.03.2023 – 13,69,965/- |

3.പ്രോജക്ട് നമ്പർ - 396/23- സ്ട്രീറ്റ് മെയിൻ വലിക്കൽ

| | |
|---|---|
| അടങ്കൽ/<br>ചെലവ് | 5,00,000/- വികസന ഫണ്ട് ജനറൽ<br>5,00,000/- വികസന ഫണ്ട് ജനറൽ |
| ബിൽ നമ്പർ / ചെക്ക് നമ്പർ | 22180452015901474250 / 24.03.2023 |

കെ.എസ്.ഇ.ബി ക്ക് ആകെ നൽകിയ 51,03,442/- രൂപയിൽ കോറോം ഡിവിഷനിൽ ഡെപ്പോസിറ്റ് ചെയ്തത് 5,33,477/- രൂപയും, തലപ്പുഴ ഡിവിഷനിൽ ഡെപ്പോസിറ്റ് ചെയ്തത് 45,69,965/- രൂപയുമാണ്.

ഫയൽ പരിശോധനയിൽ പഞ്ചായത്തിലെ 22 വാർഡ് മെമ്പർമാർ അവരവരുടെ വാർഡിലേക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കേണ്ടതിന്റെ വിവരങ്ങൾ നല്കിയത് ഭരണസമിതിയുടെ 22.08.2022 ലെ 20/1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് കെ.എസ്.ഇ.ബി കോറോം ഡിവിഷൻ, കെ.എസ്.ഇ.ബി തലപ്പുഴ ഡിവിഷൻ എന്നിവയിൽ തുക ഡെപ്പോസിറ്റ് ചെയ്തു സ്ട്രീറ്റ് മെയിൻ വലിക്കൽ പൂർത്തീകരിച്ചിട്ടുണ്ട്. കോറോം ഡിവിഷനിലെ വാർഡുകളിൽ 4150 മീറ്ററും, തലപ്പുഴ ഡിവിഷനിൽ 33,695മീറ്ററും ഉൾപ്പെടെ 37,845 മീറ്റർ സ്ട്രീറ്റ് മെയിൻ സ്ഥാപിച്ചിട്ടുണ്ട്. തുടർന്നുള്ള പ്രവർത്തനങ്ങൾ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയതിന്റെയും, ടി സ്ട്രീറ്റ് മെയിനുകളിൽ എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചതിന്റെയും, കൺസ്യൂമർ നമ്പർ ലഭ്യമായതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/22-23/16.10.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികളുടെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-18 ഹോമിയോ ആശുപത്രകളിലേക്ക് മരുന്ന് വാങ്ങൽ – നാളിതുവരെ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ കാട്ടിമൂല ഹോമിയോ ഡിസ്പെൻസറി, തലപ്പുഴ ഹോമിയോ ഡിസ്പെൻസറി എന്നിവടങ്ങളിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി താഴെപ്പറയുന്ന പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ , ഹോമിയോ

- പ്രോജക്ട് നം.22/23
- പ്രോജക്ടിന്റെ പേര് - : ഹോമിയോ ആശുപത്രകളിലേക്ക് (ജി.എച്ച്.ഡി തവിഞ്ഞാൽ, എൻഎച്ച്.എം ഹോമിയോ തലപ്പുഴ) മരുന്ന് വാങ്ങൽ
- അടങ്കൽ - മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 400000/-
- ചെലവ് - ബിൽ നം. 1/22-23 തീയതി 06.01.2023, തുക- 400000/-

ഗ്രാമ പഞ്ചായത്ത് പരിധിയിലെ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി തവിഞ്ഞാൽ എന്ന സ്ഥാപനത്തിന് 200000/- രൂപയുടെയും എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറി തലപ്പുഴ എന്ന സ്ഥാപനത്തിന് 200000/- രൂപയുടെയും (ആകെ 400000 രൂപ) മരുന്നുകൾ ലഭ്യമാക്കുന്നതിന് 06.01.2023 തീയതിയിൽ ഹോംകോയിൽ തുക ഒടുക്കിയിട്ടുണ്ട്. ഹോംകോയുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം തുക ഒടുക്കി 9 മാസത്തിനകം മരുന്നുകൾ (ഇന്റന്റ് പ്രകാരമുള്ളത്) ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി തവിഞ്ഞാലിന് 114452/- രൂപയുടെയും എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറി തലപ്പുഴക്ക് 86201/- രൂപയുടെയും മരുന്നകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത് ആകെ 200653/- രൂപയുടെ മരുന്നുകൾ ആണ് ലഭിച്ചത്.199347/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. കരാർ പ്രകാരം മുഴുവൻ മരുന്നുകളും 05.10.2023 നകം ലഭിക്കേണ്ടതാണ്. എന്നാൽ കാലാവധി കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമാക്കുന്നതിന് ഹോംകോ നടപടി സ്വീകരിച്ചിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിലേക്കും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ടിയാണ് പ്രോജക്ടുകൾ തയ്യാറാക്കുന്നത്. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8 തീയതി 09/10/2023) മറുപടി ലഭ്യമാക്കിയിട്ടില്ല.199347/- തടസ്സത്തിൽ വെക്കുന്നു.

## 1-19 കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമായിട്ടില്ല.

പ്രൊജക്ട് നം.258/20ന്റെ ഭാഗമായി 2019-20വർഷത്തിൽ പൂർത്തിയാക്കിയ താഴെ പറയുന്ന എട്ട് കുടിവെള്ള പദ്ധതികൾ നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്ടിന്റെ പേര് |
|---|---|
| 1 | അമ്പലക്കൊല്ലി കോളനി |
| 2 | മുക്കോല കുടിവെള്ള പദ്ധതി. |
| 3 | പുല്ലരുത്തിയിൽ കോളനി കുടിവെള്ള പദ്ധതി. |
| 4 | മാവില വീട് കോളനി കുടിവെള്ള പദ്ധതി. |
| 5 | വാഴവറ്റ കോളനി &വെളുത്തൊണ്ടി കോളനി |

| | |
|---|---|
| 6 | പാലോട്ട് കുറിച്യ കോളനി കുടിവെള്ള പദ്ധതി. |
| 7 | ചെമ്പ്രാട് കുന്ന് കോളനി കുടിവെള്ള പദ്ധതി. |
| 8 | പുളിഞ്ഞാൽ കോളനി കുടിവെള്ള പദ്ധതി. |
| 9 | കാരച്ചാൽ കോളനി കുടിവെള്ള പദ്ധതി. |

ഈ പ്രവൃത്തികൾക്കായി 2019-20വർഷത്തിൽ 551089രൂപയും 2020-21വർഷത്തിൽ 395468 രൂപയും ഉൾപ്പെടെ ആകെ 946557രൂപ സിവിൽ പ്രവൃത്തിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഈ കുടിവെള്ള പദ്ധതികൾ പ്രവൃത്തന ക്ഷമമാകാത്തതിനാൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കുന്നതിന് 3.6.2022ലെ 5.1 നമ്പറായി ഭരണസമിതി തീരുമാനമെടുത്തിരിക്കുന്നതിൽനിന്നും നാളിതുവരെ ഈ പ്രവൃത്തികൾ പ്രവർത്തനക്ഷമമായിട്ടില്ലയെന്ന് വ്യക്തമാണ്. മാത്രമല്ല ഇവ പ്രവർത്തനക്ഷമമാക്കുന്നതിന് തുടർനടപടികൾ ഒന്നും എടുത്തതായി കാണുന്നുമില്ല.

ഈ പ്രവൃത്തികൾക്കായി ഇലക്ട്രിഫിക്കേഷൻ,പമ്പ് സെറ്റ് വാങ്ങൽ എന്നിവക്കായി തുക ചെലവഴിക്കുകയും വാങ്ങിയ പമ്പ് സെറ്റുകൾ സ്ഥാപിച്ചിട്ടില്ലയെന്നും ബന്ധപ്പെട്ട സെക്ഷനിൽനിന്നും അറിയിക്കുകയുണ്ടായി.ഈ ആവശ്യത്തിനായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായില്ല. എന്നാൽ 2020-21വർഷത്തെ സുലേഖ പത്രിക പ്രകാരം ഈ പ്രൊജക്ടിനായി ആകെ 760559രൂപ ചെലവഴിച്ചതായാണ് കാണുന്നത്.ഇതിൽ മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള 395468 കഴിച്ച് 365091രൂപ ഇലക്ട്രിക്കൽ പ്രവർത്തി ഉൾപ്പെടെയുള്ള അനുബന്ധ പ്രവർത്തികൾക്ക് ചെലവഴിച്ചുവെന്ന് കരുതേണ്ടിയിരിക്കുന്നു. ഇപ്രകാരം ആകെ 1111648രൂപ ചെലവഴിച്ചിട്ടും പ്രവർത്തി ഉപയോഗ പ്രദമാവാത്തത് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. പ്രവർത്തി ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.18/16.10.2023 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.)

## 1-20 വാളാട് സാംസ്കാരിക നിലയത്തിന് ലൈബ്രറി പുസ്തകങ്ങൾ , ഫർണ്ണീച്ചർ, റാക്ക് വാങ്ങൽ - പുസ്തകങ്ങൾ ലഭ്യമായില്ല

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പുതിയ ബിൽഡിംഗിൽ പ്രവർത്തനമാരംഭിച്ച സാംസ്കാരിക നിലയത്തിന് ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ, ഫർണ്ണീച്ചർ റാക്ക് വാങ്ങൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മികച്ച പുസ്തകങ്ങൾ , ലൈബ്രറി ഫർണ്ണീച്ചർ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 119/23 - വാളാട് സാംസ്കാരിക നിലയത്തിന് ലൈബ്രറി പുസ്തകങ്ങൾ , ഫർണ്ണീച്ചർ, റാക്ക് വാങ്ങൽ |
| അടങ്കൽ | ₹4,00,000/- |
| ചെലവ് | ₹1,50,000/- |
| ബിൽ നമ്പർ / വൗച്ചർ നമ്പർ | 90,000/- വികസനഫണ്ട് - ജനറൽ - 2218045201590152920З/ 28.03.2023<br>60,000/- തനത് ഫണ്ട് - 22201203/ 30.03.2023 |

മേൽ പട്ടികയിൽ പരാമർശിച്ച 1,50,000/- രൂപ ബുക്ക് മാർക്കിന് നൽകിയിട്ടുണ്ട്. പുസ്തകങ്ങൾ ലഭ്യമായതിന്റെയും സാംസ്കാരിക നിലയം പ്രവർത്തന സജ്ജമായതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് (24/22-23/16.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. 1,50,000/- തടസ്സത്തിൽ വെക്കുന്നു.

## 1-21 ഐക്കാടി അങ്കണവാടി നിർമ്മാണം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| | |
|---|---|
| പ്രോജക്ട് നമ്പർ | 265/23-ഐക്കാടി അങ്കണവാടി വിഹിതം നൽകൽ |
| അടങ്കൽ | 5,00,000/-തനത് ഫണ്ട്, 2,00,000/- കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 5,00,000/-തനത് ഫണ്ട് |
| ബിൽ നമ്പർ / വൗച്ചർ നമ്പർ | 22200580/ 10.10.2022 -500,000/- - |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27/01/2017 ലെ ജി.ഒ(ആർ.ടി) 223/2017/LSGD -ാം നമ്പർ ഉത്തരവ് പ്രകാരം MGNREGA ഉം ഐ.സി.ഡി.എസും സംയുക്തമായി നിർമ്മിക്കുന്ന അംഗനവാടികളുടെ ഫണ്ട് ചെലവഴിക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം 7ലക്ഷം രൂപയിൽ അധികരിക്കുന്നവയിൽ MGNREGA ഫണ്ടിൽ നിന്നും 5 ലക്ഷവും, ICDS സ്കീമിൽ നിന്ന് 2 ലക്ഷവും അധികം വരുന്ന തുക ഗ്രാമ/ ബ്ലോക്ക് / ജില്ലാ പഞ്ചായത്തിൽ നിന്നും ചെലവഴിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

പഞ്ചായത്തിലെ 17-ാം വാർഡിലെ ഐക്കാടി അങ്കണവാടി കെട്ടിട നിർമ്മാണ പ്രവൃത്തി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിന്റെ 15.03.2022 ലെ 7(1) -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചതാണ്. 19/03/2022 ലെ AEE/LSGD/MNDY / 68/2021 -22 ാം നമ്പർ സാങ്കേതികാനുമതി പ്രകാരം ടി പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 12,00,000/- രൂപയാണ്. ഇതിൽ 5 ലക്ഷം രൂപ MGNREGA ഫണ്ടും, 2 ലക്ഷം ഐ.സി.ഡി.എസ് കേന്ദ്രവിഹിതവും, അവശേഷിക്കുന്ന 5 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തുകയും, പഞ്ചായത്ത് വിഹിതം സംസ്ഥാന MGNREGA മിഷൻ ഡയറക്ടർക്ക് ( അക്കൗണ്ട് നമ്പർ - 799011400000486 ) നൽകുകയും ചെയ്തിട്ടുണ്ട്. ഐ.സി.ഡി.എസ് കേന്ദ്രവിഹിതം പദ്ധതിക്ക് നൽകിയതിന്റെയും , പദ്ധതി പൂർത്തീകരിച്ചതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 25/22-23/16.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി പൂർത്തീകരിച്ചതിന്റെയും, അങ്കണവാടി പ്രവർത്തനം ആരംഭിച്ചതിന്റെയും വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 5,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-22 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ -AMC – ലോഗ് ബുക്ക് / ത്രൈമാസ റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നില്ല

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| | |
|---|---|
| പ്രോജക്ട് നമ്പർ | 118/23 – പഞ്ചായത്ത് ഓഫീസിലേയും ഘടക സ്ഥാപനങ്ങളിലേയും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് AMC |
| അടങ്കൽ | 1,00,000/- (തനത് ഫണ്ട്) |
| ചെലവ് | 1,00,000/- (തനത് ഫണ്ട്) |
| ചെക്ക് നമ്പർ | 7852/ 31.03.2023- ₹1,00,000/- |

പഞ്ചായത്ത് ഓഫീസിലെ 3 യു.പി.എസുകളുടെയും , 17 കമ്പ്യൂട്ടറുകളുടെയും, ഒരു സ്കാനർ, 4 പ്രിന്റർ , 24 നെറ്റ് വർക്ക് സ്വിച്ചുകളുടെയും AMC ചെയ്യുന്നതിന് ടെണ്ടർ നടത്തുകയും യു.പി.എസുകളുടെ മെയിന്റനൻസ് നടത്തുന്നതിന് ഹൈബ്രിഡ് സോളാർ കൽപ്പറ്റ എന്ന സ്ഥാപനവുമായും, കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങൾ മെയിന്റനൻസ് നടത്തുന്നതിന് എലാരിയ ,കോഴിക്കോട് എന്ന സ്ഥാപനവുമായും കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ കാലാവധി 31.03.2024 വരെയാണ്. കരാർ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്തിൽ ഒരു ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതും കംപ്ലയിന്റുകളും, റിപ്പയർ ചെയ്തതിന്റെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ ഐ.ടി ഡിപ്പാർട്ട്മെന്റിന് ഇതു സംബന്ധിച്ച ത്രൈമാസ പത്രിക സമർപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ലോഗ് ബുക്കും, ത്രൈമാസ പത്രികയും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/22-23/16.10.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-23 പർച്ചേസിംഗ് കമ്മിറ്റി അംഗീകാരമില്ലാതെ വാങ്ങലുകൾ നടത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ടെണ്ടർ നടപടികളിലൂടെ മുതിരേരി വനിതാ സമുച്ചയത്തിന് ഫർണ്ണീച്ചർ, കസേര ,മേശ എന്നിവ വാങ്ങി നൽകുന്നതിന്

ചുവടെ കൊടുക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് / നമ്പർ | 396/23 മുതിരേരി വനിതാ സമുച്ചയത്തിന് ഫർണ്ണീച്ചർ |
| അടങ്കൽ | 1,00,000/- വികസന ഫണ്ട് ജനറൽ |
| ചെലവ് | 80650/- വികസന ഫണ്ട് ജനറൽ |
| ബിൽ നമ്പർ | 22180452015901530746 / 28.03.2023 |

അഞ്ച് സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറിൽ 24.03.2023 ലെ 1.1 -ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം കസേരയും, മേശയും ശ്രീ സായ് റാം സ്റ്റീൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിന് അംഗീകാരം നൽകി 2 സ്റ്റീൽ അലമാരയും, 115 കസേരയും സ്ഥാപനം വിതരണം ചെയ്തിട്ടുണ്ട് (ഇൻവോയ്സ് നമ്പർ - 61/28.03.2023 ). ടി വാങ്ങലുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചതിന്റെ വിശദാംശങ്ങളും ഇവ സ്റ്റോക്കിലെടുത്തതിന്റെയും, വനിതാ സമുച്ചയത്തിന് കൈമാറിയതിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് സമർപ്പിച്ച ഓഡിറ്റ് എൻക്വയറിക്ക് (27/22-23/16.10.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-24 അക്കാദമിക് സെന്റർ - പുസ്തകങ്ങൾ ലഭ്യമായില്ല

നിർവഹണ ഉദ്യോഗസ്ഥൻ – ഹെഡ്മാസ്റ്റർ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഗ്രന്ഥശാലകൾക്ക് ആവശ്യമായ പുസ്തകങ്ങൾ ബുക്ക് മാർക്ക്, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ നിന്നും വാങ്ങാവുന്നതാണ് ( സബ്സിഡി മാർഗ്ഗരേഖ 115/2022/തസ്വഭവ തീ.28.05.2022 )

പഞ്ചായത്തിലെ മൂന്ന് ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങി നൽകി റഫറൻസ് സെന്ററുകളായി ഉയർത്തുന്നതിന് ചുവടെ കൊടുക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പദ്ധതി | 246/23 - അക്കാദമിക് സെന്റർ - ബുക്സ് വാങ്ങൽ |
| അടങ്കൽ | 2,00,000/- തനത് ഫണ്ട് |
| ചെലവ് | 1,80,000/-<br>(വൗച്ചർ നമ്പർ - 22201223 / 31.03.2023 ) |

കേരള സ്റ്റേറ്റ് ബുക്ക്മാർക്കിൽ നിന്നും പുസ്തകങ്ങൾ വാങ്ങി ലൈബ്രറികൾക്ക് വിതരണം ചെയ്യുക എന്നതാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേരള സ്റ്റേറ്റ് ബുക്ക്മാർക്കിന്റെ ഇൻവോയ്സ് നമ്പർ 155KSBM / 23 / 28.03.2023 പ്രകാരം 335 പുസ്തകങ്ങളുടെ മൂന്ന് കോപ്പി വീതം നൽകുന്നതിനാണ് (3X335 =1005 പുസ്തകങ്ങൾ ) തുക ചെലവഴിച്ചിട്ടുള്ളത് . ഫയൽ പരിശോധിച്ചതിൽ കേരള സ്റ്റേറ്റ് ബുക്ക്മാർക്ക് വിതരണം ചെയ്ത പുസ്തകങ്ങൾ 3 ലൈബ്രറികൾ ചുവടെ കൊടുക്കും വിധം കൈപ്പറ്റിയിട്ടുണ്ട്.

| ക്രമ നമ്പർ | ലൈബ്രറിയുടെ പേര് | കൈപറ്റിയ പുസ്തകങ്ങളുടെ എണ്ണം | കറിപ്പുകൾ |
|---|---|---|---|
| 1 | നിർമ്മല വായനശാല | 303 | 32 പുസ്തകങ്ങൾ ലഭ്യമായില്ല (335-303 = 32) |
| 2 | തവിഞ്ഞാൽ പബ്ലിക് ലൈബ്രറി | 238 | 97 പുസ്തകങ്ങൾ ലഭ്യമായില്ല (335-238=97) |
| 3 | കൊളങ്ങോട് വയനശാല | 335 | എല്ലാ പുസ്തകങ്ങളും ലഭ്യമായിട്ടുണ്ട് |

| | | | |
|---|---|---|---|
| | | 876 | 129 പുസ്തകങ്ങൾ ലഭ്യമായില്ല |

അവശേഷിക്കുന്ന 129 പുസ്തകങ്ങൾ ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് സമർപ്പിച്ച ഓഡിറ്റ് എൻക്വയറിക്ക് (21/22-23/16.10.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

ജി.ഒ(പി) 177/2006/ധന തീയതി 12.04.2006 ഖണ്ഡിക 6.2 പ്രകാരം പ്രത്യേകം നിർദ്ദേശിച്ച സംഗതികളിലൊഴികെ മുൻകൂർ തുക അനുവദിക്കാവുന്നതല്ല.പുസ്തകങ്ങൾ പൂർണ്ണമായും ലഭ്യമാകാതെ തുക നൽകിയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പുസ്തകങ്ങൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് അറിയിക്കേണ്ടതാണ്. ചെലവ് തുക 1,80,000/- തടസ്സത്തിൽ വെക്കുന്നു.

## 1-25 ജാതി തൈ വിതരണം- തുക അധികം നൽകി

തവിഞ്ഞാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 154/23 |
| പ്രൊജക്ട് | ജാതി തൈ വിതരണം |
| അടങ്കൽ | ₹ 625000 |
| ഫണ്ട് | പൊതുവിഭാഗം സാധാരണ വിഹിതം |
| ചെലവ് | ₹ 386500<br>ബിൽ : BRN: 22180452015101503313 Date: 27/03/2023 – ₹289875<br>Cheque No : 7846 Dt. Date: 30-03-2023- ₹96625 |

സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച് സ.ഉ(കൈ)നം.1152022/തസ്വഭവ തീയതി 28/05/2022 പ്രകാരം അംഗീകരിച്ചിട്ടുള്ള മാർഗ്ഗ രേഖ നിലവിലുള്ളതും, പരാമർശിത ആവശ്യത്തിലേക്ക് ഒരു കർഷകന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക 5000/- രൂപയായി നിജപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ, മേൽ പദ്ധതി പ്രകാരം ജാതി തൈ വിതരണം നടത്തിയതിന്റെ ഭാഗമായി, അനുവദനീയമായതിൽ കൂടുതൽ തുക ഏതാനും വ്യക്തികൾക്ക് നൽകിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | രസീത് നമ്പർ | തൈകളുടെ എണ്ണം | സബ്സിഡി തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | മാത്യു പി.റ്റി പുതിയകുന്നേൽ | 76/39 | 23 | 8625/- | 3625/- |
| 2 | വിനോദ് മുട്ടേരി | 86/39 | 20 | 7500/- | 2500/- |
| 3 | ഷാജി പായിക്കാട്ട് | 87/39 | 30 | 11250/- | 6250 |
| 4 | ബേബി ജോസഫ് കുഴിഞ്ഞാലിൽ | 91/39 | 20 | 7500/- | 2500/- |
| 5 | ബിജു മുണ്ടമാക്കൽ | 92/39 | 20 | 7500/- | 2500/- |
| 6 | ജോസ് കൊരണ്ട്യാർകുന്നേൽ | 94/39 | 20 | 7500/- | 2500/- |
| 7 | രഞ്ജു കൊച്ചുകുളത്തിങ്കൽ | 95/39 | 20 | 7500/- | 2500/- |

| | | | | | |
|---|---|---|---|---|---|
| 8 | ജോണി കൈനിക്കുന്നേൽ | 96/39 | 20 | 7500/- | 2500/- |
| 9 | ബിനു മുളകുന്നത്ത് | 1/40 | 20 | 7500/- | 2500/- |
| 10 | ജോർജ്ജ് മുളകുന്നത്ത് | 2/40 | 20 | 7500/- | 2500/- |
| 11 | ജോസ് കൈനിക്കുന്നേൽ | 3/40 | 22 | 8250/- | 3250/- |
| 12 | പ്രസന്നകുമാർ വരിക്കീൽ | 6/40 | 18 | 6750/- | 1750/- |
| 13 | തോമസ് കണ്ടത്തിൽ | 36/40 | 50 | 18750/- | 13750/- |
| അധികമായി അനുവദിച്ച ആകെ തുക | | | | | 48,625/- |

മേൽപ്രകാരം 48,625/- രൂപ അധികതുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 17/2022-23 /16.10.23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ, ഒരു വ്യക്തിക്ക് പരമാവധി 13 തൈകളും 4875/- രൂപയും മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരാമർശിത കർഷകർ ഒന്നിലധികം പേരുടെ ഗുണഭോക്തൃ വിഹിതം ഒരുമിച്ച് അടവാക്കി, ജാതി തൈകൾ കൈപ്പറ്റിയ ശേഷം ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ള മറ്റ് കർഷകർക്ക് വിതരണം ചെയ്യുകയാണുണ്ടായത് എന്ന് കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. ആയതിന് തെളിവായി, ഗുണഭോക്തൃ വിഹിതം ഒന്നിച്ച് ഒടുക്കിയ കർഷകരും, ജാതി തൈകൾ കൈപ്പറ്റിയ കർഷകരും ഒപ്പ് വെച്ച സത്യവാങ്മൂലം, ബന്ധപ്പെട്ട വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. ജാതി തൈ വിതരണം സംബന്ധിച്ച് ക്രമക്കേടുകൾ നടന്നിട്ടില്ല എന്ന് മേൽ രേഖകളിൽ നിന്ന് വ്യക്തമായിട്ടുണ്ട്. എന്നിരുന്നാലും, മേലിൽ ഇപ്രകാരം സബ്സിഡി തുക വിതരണം ചെയ്യുമ്പോൾ ഗുണഭോക്തൃ പട്ടികയിൽ ഉള്ളവരുടെ പേരിൽ തന്നെ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 മരണമടഞ്ഞ വ്യക്തികളുടെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെടുമ്പോൾ പ്രസ്തുത മരണങ്ങൾ യഥാസമയം രജിസ്റ്റർ ചെയ്യപ്പെടാത്തത് മൂലവും, രജിസ്റ്റർ ചെയ്യപ്പെട്ട മരണങ്ങൾ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റുമായി താരതമ്യം ചെയ്ത് യഥാവിധി പരേതരെ പ്രസ്തുത ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മൂലവും അനർഹമായ അക്കൗണ്ടിലേക്ക് പണം നൽകുന്ന സാഹചര്യം ഉണ്ടാവാനിടയുണ്ട്. എന്നാൽ മേൽ വിഷയത്തിൽ, ഗ്രാമപഞ്ചായത്ത് കൃത്യമായ ഒരു മോണിറ്ററിംഗ് സംവിധാനം പിൻതുടരുകയോ, മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ 12/2022-23/13.10.23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ, മരണപ്പെട്ട വ്യക്തികളുടെ പേരുകൾ ഗുണഭോക്തൃ പട്ടികയിൽ നിന്നും നീക്കം ചെയ്യുവാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ആയതിന് വിശദീകരണം നൽകേണ്ടതും, പ്രസ്തുത വിഷയത്തിൽ ഇനി സ്വീകരിക്കാൻ പോകുന്ന നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-27 ഭവന പുനരുദ്ധാരണ പദ്ധതി-ജനറൽ രേഖകൾ ഹാജരാക്കിയിട്ടില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഭവനപുനരുദ്ധാരണത്തിനായി 2915000.00 രൂപ ചെലവഴിച്ചിട്ടുണ്ട്.വിശദവിവരങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| **പ്രോജക്ട് നം/ പേര്** | S-230/23 ഭവന പുനരുദ്ധാരണം (ജനറൽ) |

| | |
|---|---|
| **അടങ്കൽ** | ₹ 3300000.00 (വികസന ഫണ്ട്-ജനറൽ) |
| **ചെലവ്** | ₹ 375000.00 ബില്ല് റഫറൻസ് നം-2218045201610077 0076 / 14/11/2022<br>₹ 425000.00 ബില്ല് റഫറൻസ് നം -2218045201610080 7559 / 23/11/2022<br>₹ 200000.00 ബില്ല് റഫറൻസ് നം-2218045201610080 9418 / 23/11/2022<br>₹ 275000.00 ബില്ല് റഫറൻസ് നം - 2218045201610087 0828 / 06/12/2022<br>₹ 100000.00 ബില്ല് റഫറൻസ് നം - 2218045201610095 5198 / 24/12/2022<br>₹ 125000.00 ബില്ല് റഫറൻസ് നം - 2218045201610097 1266 / 29/12/2022<br>₹ 550000.00 ബില്ല് റഫറൻസ് നം - 2218045201610103 7233 / 12/01/2023<br>₹ 75000.00 ബില്ല് റഫറൻസ് നം - 2218045201610105 9331 / 18/01/2023<br>₹ 200000.00 ബില്ല് റഫറൻസ് നം - 2218045201610108 4851 / 24/01/2023<br>₹ 50000.00 ബില്ല് റഫറൻസ് നം -2218045201610111 5024 / 31/01/2023<br>₹ 125000.00 ബില്ല് റഫറൻസ് നം - 2218045201610117 3393/ 10/02/2023<br>₹ 65000.00 ബില്ല് റഫറൻസ് നം -2218045201610122 0869 / 21/02/2023<br>₹ 25000.00 ബില്ല് റഫറൻസ് നം 2218045201610127 6347 / 02/03/2023<br>₹ 100000.00 ബില്ല് റഫറൻസ് നം 2218045201610135 9025 / 15/03/2023<br>₹ 150000.00 ബില്ല് റഫറൻസ് നം -2218045201610136 4604 / 15/03/2023<br>₹ 50000.00 ബില്ല് റഫറൻസ് നം -2218045201610149 5195 / 27/03/2023<br>₹ 25000.00 ബില്ല് റഫറൻസ് നം -2218045201610155 2462 / 27/03/2023<br>ആകെ - ₹ 2915000.00 |

പതിനാലാം പദ്ധതി സബ്സിഡി മാർഗ രേഖ (സ.ഉ.(കൈ) നം 115/2022/എൽ.എസ്.ജി.ഡി തീയതി-28/05/2022) ഖണ്ഡിക ഖണ്ഡിക 6.7 പ്രകാരമുള്ള പട്ടികയിൽ നാലാമത് ഇനമായി ഉൾക്കൊള്ളിച്ചിട്ടുള്ള വീട് വാസയോഗ്യമാക്കൽ പദ്ധതി നടപ്പിലാക്കേണ്ട മാർഗനിർദ്ദേശങ്ങളിൽ ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ,എസ്.ജി.ഡി ഓവർസിയർ സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും, കരാറിൽ ഏർപ്പെട്ട ശേഷം 50 ശതമാനം തുക അഡ്വാൻസായി നൽകേണ്ടതാണെന്നും ബന്ധപ്പെട്ട അസി,എഞ്ചിനീയർ/ഓവർസിയറുടെ മൂല്യനിർണ്ണയ പ്രകാരം മാത്രമേ മുഴുവൻ തുകയും (പരമാവധി 100000.00 രൂപ വരെ) നൽകാനാവുകയെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വി.ഇ.ഓ ഹാജരാക്കിയ ഫയലിൽ ഗുണഭോക്താവ് തയ്യാറാക്കിയ എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ഓവർസിയർ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. അസി.എഞ്ചിനീയറുടെ മൂല്യനിർണയ പത്രിക,മോണിട്ടറിങ്ങ് റിപ്പോർട്ട് എന്നിവ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. ഭവന നിർമാണം പൂർത്തീകരിച്ചത് സംബന്ധിച്ചുള്ള യാതൊരു രേഖകളും ഫയലിനൊപ്പമില്ല. ഇപ്രകാരം നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ തുക അനുവദിച്ച നടപടി വിശദീകരിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ 09/10/2023 തീയതിയിലെ 4/2022-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.മറുപടിയുടെ അഭാവത്തിൽ മേൽ പദ്ധതിക്കായി ചെലവഴിച്ച 2915000.00 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 സാനിട്ടറി നാപ്കിൻ ഡിസ്പ്പോയർ മെഷിനുകൾ വാങ്ങൽ -മെഷിനുകളുടെ സുരക്ഷിതമായ ദീർഘകാല ഉപയോഗം ഉറപ്പ് വരുത്തിയിട്ടില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിലേക്ക് സാനിറ്ററി നാപ്കിൻ ഡിസ്പ്പോയർ മെഷിന് വാങ്ങുന്ന പദ്ധതിക്കായി 130000.00 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| **പ്രോജക്ട് നം/** | S-326/23 പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ സാനിട്ടറി നാപ്കിൻ ഡിസ്പ്പോയർ മെഷിൻ നൽകൽ |

| | |
|---|---|
| പേര് | |
| അടങ്കൽ | ₹ 500000.00 (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | ₹ 130000.00 റിക്വസിഷൻ നം-5107600901220126 / 29/03/2023 (അലോട്ട്മെന്റ് നമ്പർ 530/29 /03/2023 ,ഉത്തരവ് നമ്പർ 529/29/03/2023)<br>ആകെ - ₹ 130000.00 |

തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിനായി 4 സാനിറ്ററി നാപ്കിൻ ഡിസ്പോയർ മെഷിൻ വാങ്ങിയിട്ടുണ്ട്.തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 04/02/2023 തീയതിയിലെ 8.3 നമ്പർ തീരുമാനപ്രകാരം തലപ്പുഴ ഗവ.യു.പി സ്കൂൾ, വരയാൽ ഗവ.യു.പി സ്കൂൾ, സർവ്വോദയം യു.പി സ്കൂൾ,വരയാൽ യു.പി സ്കൂൾ എന്നീ സ്കൂളുകൾക്ക് സാനിറ്ററി നാപ്കിൻ ഡിസ്പോയർ മെഷൻ വാങ്ങുന്നതിന് തീരുമാനിക്കുകയും ആയതിനായി 130000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ രേഖ (സ.ഉ.(കൈ) നം 115/2022/എൽ.എസ്.ജി.ഡി തീയതി-28/05/2022) ഖണ്ഡിക 7.4.6 പ്രകാരം സർക്കാർ/എയിഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി/വെക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലേക്ക് സാനിട്ടറി നാപ്കിൻ വെൻഡിങ്ങ് മെഷിൻ, സാനിട്ടറി നാപ്കിൻ ബേണിങ്ങ് മെഷിൻ എന്നിവ വാങ്ങുന്നതിന് ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കുമാണ് പ്രൊജക്ട് ഏറ്റെടുക്കുന്നതിന് അനുമതിയുള്ളത്. കൂടാതെ മെഷിനുകളുടെ സുരക്ഷിത ഉപയോഗം ഉറപ്പ് വരുത്തുന്നതിന് സ്കൂൾ പി.ടി.എയുമായി കരാർ വെക്കേണ്ടതും മെഷിൻ വാങ്ങുന്ന കമ്പനികളുമായി എ.എം.സി ഉണ്ടായിരിക്കേണ്ടതുമാണ്. സ്കൂളുകളിൽ സാനിട്ടറി നാപ്കിനുകൾ ലഭ്യമാക്കേണ്ടതും, അയത് സൂക്ഷിക്കാനുള്ള അലമാര വാങ്ങേണ്ടതുമാണ്.

മേൽ പ്രൊജക്റ്റുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടത് ഓഡിറ്റ് അന്വേഷണം നമ്പർ 4/2022-23 / 09.10.2023 പ്രകാരം നിർവ്വഹണോദ്യോഗസ്ഥനെ അറിയിച്ചിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1) ജില്ലാ പഞ്ചായത്ത്,മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് മാത്രം ഏറ്റെടുക്കാൻ അനുമതിയുള്ള പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കാനിടയായ സാഹചര്യം വ്യക്തമല്ല.

2)സാനിട്ടറി നാപ്കിൻ വെൻഡിങ്ങ് മെഷിൻ വിതരണം നടത്തിയ സ്ഥാപനവുമായി എ.എം.സി വെച്ചിട്ടില്ല.

3)സ്കൂൾ പി.റ്റി.എ യുമായി മെഷിനുകളുടെ സുരക്ഷിത ഉപയോഗം ഉറപ്പ് വരുത്തുന്നതിനായി കരാർ വെച്ചിട്ടില്ല.
4)മെഷിനുകൾ സ്കൂളുകളിൽ സ്ഥാപിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടെന്ന് മോണിട്ടറിങ്ങ് കമ്മിറ്റി ഉറപ്പ് വരുത്തിയിട്ടുള്ളതായും കാണുന്നില്ല.
മെഷിനുകളുടെ സുരക്ഷിതമായ ദീർഘകാല ഉപയോഗം ഉറപ്പ് വരുത്തുന്നതിന് മാർഗരേഖയിൽ സൂചിപ്പിച്ചിട്ടുള്ള യാതൊരു നടപടിക്രമങ്ങളും നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ചറിയിക്കുന്നത് വരേ പദ്ധതിക്കായി ചെലവഴിച്ച 130000.00 രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 വി.ഇ.ഓ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 226 (NEW) | ലൈഫ് ഭവനപദ്ധതി-ജനറൽ | 6500000 | 2600000 |
| 2 | 231 (NEW) | ലൈഫ് ഭവനപദ്ധതി ഭൂമി വാങ്ങി കൊടുക്കൽ-ജനറൽ | 2200000 | 1600000 |
| 3 | 321(NEW) | ഇൻഡിവ്യൂജൽ ഹൗസ് ഹോൾഡ് ലാടിൻ-എസ്.ബി.എം-ഫേസ് 2 | 937000 | 492000 |
| 4 | 45(SO) | ഭവനപുനരുദ്ധാരണം | 10000 | 10000 |
| 5 | 47(SO) | ബയോ കംബോസ്റ്റ് (ബയോ കംബോസ്റ്റർ ബിൻ) | 386422 | 364216 |

| | | | | |
|---|---|---|---|---|
| 6 | 398(NEW) | ടോയ്‌ലെറ്റ് റിപ്പയർ 22-23 | 2280000 | 380000 |
| 7 | 46(SO) | ടോയ്‌ലെറ്റ് നിർമ്മാണം | 1288800 | 984000 |
| 8 | 228 (NEW) | ലൈഫ് മിഷൻ ഭവന നിർമാണം -പട്ടിക ജാതി | 5558968 | 2715000 |
| 9 | 227(NEW) | ലൈഫ് മിഷൻ ഭവന നിർമാണം -പട്ടികവർഗ്ഗം | 65500000 | 37240145 |
| ആകെ | | | 84661190 | 46385361 |

മേൽ ഫയലുകൾ അടിയന്തിരമായി ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് 16.10.2023 തീയതിയിലെ 13/2022-23 നമ്പർ ഓഡിറ്റ് അന്വേഷണം വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും ഹാജരാക്കിയിട്ടില്ല.മേൽ വിവരം 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് സെക്ഷൻ 9(1) ൽ പരാമർശിക്കും പ്രകാരം വി.ഇ.ഓ യുടെ നിയന്ത്രണ അധികാരിയായ ജോയിന്റ് ഡയറക്ടറെ 23.11.2023 തീയതിയിലെ കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി1-1007/2023 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്കും കത്തിന്റെ പകർപ്പ് അയച്ച് നൽകിയിട്ടുണ്ട്.ഇതിന് പുറമേ 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലേ ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ,കണക്കോ നൽകുന്നതിൽ വീഴ്ച വരുത്തിയാൽ മേൽ രേഖകളോ,കണക്കോ നിലവിലില്ല എന്ന് കരുതാവുന്നതും അതനുസരിച്ച് നിഗമനത്തിലെത്താവുന്നതുമാണ്. ആയതിനാൽ മേൽ പ്രൊജക്ടുകളിലെ ചെലവ് തുകയായ 46385361 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കാത്ത പക്ഷം തുക നിരാകരിച്ച് സർചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-30 പട്ടിക വർഗ വിഭാഗത്തിന് പോത്ത് കുട്ടി വിതരണം - യൂണിറ്റ് കോസ്റ്റിനെക്കാൾ അധികമായി തുക നൽകി

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.റ്റി കുടുംബശ്രീകൾക്ക് പോത്തിൻ കുട്ടി വിതരണം പദ്ധതിക്കായി 540000.00 രൂപ ചെലവഴിച്ചിട്ടുണ്ട്.എസ്.റ്റി വിഭാഗത്തിൽപെട്ട 36 ഗുണഭോക്താക്കൾക്കാണ് പോത്തിൻകുട്ടികളെ നൽകിയത്. വിശദവിവരങ്ങൾ താഴെ നൽകുന്നു

| | |
|---|---|
| **പ്രോജക്ട് നം/ പേര്** | S-372/23 കുടുംബശ്രീ അംഗങ്ങളായ പട്ടിക വർഗ്ഗ വനിതകൾക്ക് പോത്തിൻകുട്ടി വിതരണം |
| **അടങ്കൽ** | ₹ 1005000.00 (വികസന ഫണ്ട്-ജനറൽ-500000+ വികസന ഫണ്ട് ടി.എസ്.പി-500000+തനത് ഫണ്ട്-5000) |
| **ചെലവ്** | ₹ 495000 ബില്ല് റഫറൻസ് നം-2218045201368497 /16/03/2023<br>₹ 45000 ബില്ല് റഫറൻസ് നം-2218045201509849 /28/03/2023<br>ആകെ - ₹ 540000.00(വികസന ഫണ്ട്-ജനറൽ-495000+ വികസന ഫണ്ട് ടി.എസ്.പി-45000) |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ.(കൈ) നം 115/2022/എൽ.എസ്.ജി.ഡി തീയതി-28/05/2022) ഖണ്ഡിക 6.3 മൃഗസംരക്ഷണം/ക്ഷീരവികസനം ഇനം 5 പ്രകാരം 6-8 മാസം വരേ പ്രായമുള്ള പോത്തിൻ കുട്ടിയെ പട്ടിക വർഗ വിഭാഗത്തിന് സൗജന്യമായി (100 ശതമാനം സബ്സിഡിയിൽ) വിതരണം ചെയ്യാവുന്നതാണ്. ആയതിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിർണയിക്കേണ്ടതുമാണ്.

വയനാട് ജില്ലാ കളക്ടറുടെ 22.06.2022 തീയതിയിലെ 1854/2022/ഡി.പി.സി/ഡിപിഒ/വയനാട് നമ്പർ ഉത്തരവ് പ്രാകാരം 6-8 മാസം വരേയുള്ള പോത്തിൻ കുട്ടികൾക്ക് 10000 മുതൽ 12000 രൂപ വരേയാണ് യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിട്ടുള്ളത്. തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ ഒരു പോത്തിൻകുട്ടിക്ക് 15000 രൂപ നൽകിയാണ് വാങ്ങിയിട്ടുള്ളത്.യൂണിറ്റ് കോസ്റ്റിൽ നിന്ന് വ്യതിചലിച്ചുകൊണ്ട്. പോത്തിൻ കുട്ടികളെ വാങ്ങാനിടയായ സാഹചര്യം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ 10.10.2023 തീയതിയിലെ 10/2022-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഹാജരാക്കിയ രേഖകൾ പ്രകാരം 8 മാസത്തിൽ കൂടുതൽ പ്രായമുള്ള പോത്തിൻ കുട്ടികളെയാണ് വിതരണം ചെയ്തിട്ടുള്ളത്. ആയതിനാൽ അധികം നൽകിയ 108000 (36*3000) രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-31 പി.എം.എ.വൈ-വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പി.എം.എ.വൈ വിഹിതം നൽകൽ -എസ്.റ്റി പദ്ധതിക്കായി 608000രൂപ ചെലവഴിച്ചിട്ടുണ്ട്.വിശദവിവരങ്ങൾ താഴെ നൽകുന്നു

| | |
|---|---|
| **പ്രോജക്ട് നം/ പേര്** | S-324/23 പി.എം.എ വൈ വിഹിതം നൽകൽ (ജനറൽ) |
| **അടങ്കൽ** | ₹640000.00 (വികസന ഫണ്ട്-എസ്.സി,പി) |
| **ചെലവ്** | ₹ 608000 (അലോട്ട്മെന്റ് നമ്പർ 416/15/03/2023)<br>ആകെ - ₹608000 .00 |

കൂടാതെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പി.എം.എ.വൈ വിഹിതം നൽകൽ -ജനറൽ പദ്ധതിക്കായി 1334000രൂപ ചെലവഴിച്ചിട്ടുണ്ട്.വിശദവിവരങ്ങൾ താഴെ നൽകുന്നു

| | |
|---|---|
| **പ്രോജക്ട് നം/ പേര്** | S-229/23 പി.എം.എ വൈ വിഹിതം നൽകൽ (ജനറൽ) |
| **അടങ്കൽ** | ₹1341800.00 (വികസന ഫണ്ട്-ജനറൽ) |
| **ചെലവ്** | ₹ 110000 (അലോട്ട്മെന്റ് നമ്പർ 300/10/02/2023)<br>₹ 260000 (അലോട്ട്മെന്റ് നമ്പർ 301/10/02/2023)<br>₹ 140000 (അലോട്ട്മെന്റ് നമ്പർ 302/10/02/2023)<br>₹ 323000 (അലോട്ട്മെന്റ് നമ്പർ 315/17/02/2023)<br>₹ 102000 (അലോട്ട്മെന്റ് നമ്പർ 329/23/02/2023)<br>₹ 102000 (അലോട്ട്മെന്റ് നമ്പർ 352/01/03/2023)<br>₹ 100000 (അലോട്ട്മെന്റ് നമ്പർ 372/01/03/2023)<br>₹ 197000 (അലോട്ട്മെന്റ് നമ്പർ 425/17/03/2023)<br>ബില്ല് റഫറൻസ് നം-22180452016100770076 / 14/11/2022<br>ആകെ - ₹ 1334000.00 |

മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം.നം 14/2022-23 / 15.10.2023, ഓഡിറ്റ് അന്വേഷണം.നം 16/2022-23 / 16.10.2023 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 1942000 രൂപയുടെ (1334000.00+608000.00) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 അങ്കണവാടികൾക്ക് കെട്ടിടം ലഭ്യമായില്ല

സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികളുടെ വിവരം ചുവടെ കൊടുക്കുന്നു.

| **ക്രമ നം** | **അങ്കണവാടിയുടെ പേര്** |
|---|---|

| | |
|---|---|
| 1 | തലപ്പുഴ ചുങ്കം |
| 2 | സെൻട്രൽ എക്സൈസ് |
| 3 | ചപ്പാരം |
| 4 | ആനേരിക്കുന്ന് |
| 5 | പുതിയിടം SC |
| 6 | ഉദയഗിരി |
| 7 | അമ്പലക്കുന്ന് |
| 8 | ഐക്കാടി |

ഓഡിറ്റ് കാലയളവിൽ 8 അങ്കണവാടികൾ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്. 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം (സ.ഉ(കൈ)നം. 11/2018/തസ്വഭവ തീയതി 29.01.2018 ഖണ്ഡിക 7.8.2 കാണുക ) പതിമൂന്നാം പഞ്ചവത്സര കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും, സ്ഥലവും സ്വന്തമാക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് പൂർത്തീകരിക്കാനായിട്ടില്ല. 14-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലും ഫർണ്ണീച്ചർ അടക്കമുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും ബാലസൗഹൃദ അങ്കണവാടികളാക്കുന്നതിനുമുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തലപ്പുഴ ചുങ്കം, ഐക്കാടി അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അവശേഷിക്കുന്നവയ്ക്ക് കെട്ടിടം മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച തരത്തിൽ ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടെ പദ്ധതികൾ നടപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്. 3/2019 നമ്പർ കത്തിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

**എ)** ധനകാര്യസ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും പുതിയ വരുമാന മാർഗങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും തന്നെ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചർച്ച ചെയ്തിട്ടുള്ളതായി കാണുന്നില്ല. പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നത് സംബന്ധിച്ച് സ്റ്റാൻഡിങ്ങ് കമ്മിറ്റി ചർച്ച നടത്തി ആയത് ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണസമിതിയുടെ അംഗീകാരത്തോടെ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകരമാകും. ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനായി മേൽ വിഷയത്തിലേക്ക് സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വിവിധ വരുമാന ഇനങ്ങളുടെ ബഡ്ജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിലുള്ള വ്യത്യാസമുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റും വാർഷികക്കണക്ക് പ്രകാരമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| **ഇനം** | **ബജറ്റ് പ്രകാരം(₹) A** | **വാർഷിക കണക്ക് പ്രകാരമുള്ള വരവ്(₹)B** | **ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം(₹) B-A** |
|---|---|---|---|
| വസ്തു നികുതി(തൻവർഷം) | 5700000 | 4988210 | -711790 |
| തൊഴിൽ നികുതി(തൻവർഷം) | 2700000 | 1935500<br>(100150- തൊഴിൽ നികുതി ട്രേഡ്സ്+ 1835350 തൊഴിൽ നികുതി ജീവനക്കാർ) | -764500 |

| | | | |
|---|---|---|---|
| Rental Income | 4000000 | 223155 | -3776845 |
| Fee & User Charges | 1840000 | 1016790 | -823210 |
| Sale & Hire Charges | 482000 | 123700 | -358300 |
| Interest Earned | 900000 | 1444646 | 544646 |
| Receipt From Transferred Institutions | 6000 | 210135 | 204135 |
| Other Income | 40000 | 1344 | -38656 |

മേൽ വ്യത്യസം ഉണ്ടാവാതെ കൃത്യതയോടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനും വിവിധ വരുമാനങ്ങളുടെ വരവിൽ എന്തെങ്കിലും തരത്തിലുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ 25/6/2022 തീയതിയിലെ 39/22 നമ്പർ തീരുമാനപ്രകാരം തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിന്നും മാലിന്യങ്ങൾ കളക്ട് ചെയ്യുന്നതിന് യൂസർ ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയിലേക്ക് ശുപാർശ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മേൽ വിഷയം ഭരണസമിതി പരിഗണിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും.

**ബി)** നിശ്ചിത ഇടവേളകളിൽ വസ്തു നികുതി വരവിന്റെ പുരോഗതി ധനകാര്യസ്റ്റാൻഡിങ്ങ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്.എന്നാൽ മറ്റ് നികുതി, നികുതി ഇതര വരവുകളുടെ ഡിമാന്റിംഗ്.പിരിവ് പുരോഗതി എന്നിവ അവലോകനം ചെയ്യുന്നതായി കാണുന്നില്ല.ഗ്രാമപഞ്ചായത്ത് 97 ശതമാനം വസ്തു നികുതി പിരിച്ചെടുത്തിട്ടുണ്ട്.

**സി)** 01.04.2023 തീയതി പ്രാബല്യത്തിൽ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ 18/04/2023 തീയതിയിലെ 3ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

